# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 650** **30.07.2015- ൽ മറുപടിക്ക്**

### കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി മേഖലയിൽ ഏതെങ്കിലും രംഗത്ത് പുരോഗതി നേടുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാദ്ധ്യമായിട്ടുണ്ടോ; | (എ) ഈ സർക്കാരിന്റെ കാലത്ത് കൈത്തറി മേഖലയിൽ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്. |
| (ബി) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുമെന്ന പ്രഖ്യാപനം പാലിക്കുന്നതിന് ഈ സർക്കാർ ചെയ്ത ക്രിയാത്മക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് ഈ സർക്കാർ ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (സി) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ അതിൽ ഉയർന്ന നിർദ്ദേശങ്ങളും അത് പ്രാവർത്തിക മാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ? | (ഡി) കൈത്തറി മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങളും അത് പ്രാവർത്തിക മാക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

1) കൈത്തറി മേഖലയിലെ കൊഴിഞ്ഞുപോക്കും തൊഴിലാളികളുടെ അഭാവവും പരിഹരിക്കുന്നതിന് പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന പദ്ധതിയും ഇൻകം സപ്പോർട്ട് എന്ന പദ്ധതിയും നടപ്പിലാക്കി.

2)കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ റിവൈവൽ, റീഫോം, റീസ്ട്രക്ച്ചറിംഗ് പാക്കേജ് നടപ്പിലാക്കുക വഴി സംസ്ഥാനത്തെ 355 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, 1117 വ്യക്തിഗത നെയ്ത്തുകാർ എന്നിവയുടെ 31.03.2010 വരെയുള്ള ബാങ്ക് വായ്പയുടെ 100%വും പലിശയുടെ 25%വും ഒഴിവാക്കപ്പെടുകയുണ്ടായി. ഈ സംഘങ്ങളെ പദ്ധതിയിലൂടെ പുനരുദ്ധീകരിക്കുകയും ചെയ്യുന്നു.

3)നെയ്ത്തു തൊഴിലാളികൾക്ക് വർദ്ധിച്ച വേതനം ലഭ്യമാക്കുന്നതിന് മൂല്യവർദ്ധിത/ അധികമൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഉൽപാദകർക്ക് ധനസഹായവും പരിശീലനവും നൽകുന്ന പദ്ധതി നടപ്പാക്കി. തന്മൂലം വേതനം വർദ്ധിക്കുകയും വിപണിയിൽ മറ്റുൽപന്നങ്ങളോട് കിടപിടിക്കത്തക്കതുമായി .

4) "പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" മുഖേന ഉൽപാദന ക്ഷമത വർദ്ധിച്ചു

5)കൈത്തറി നെയ്ത്തു തൊഴിലാളികൾക്ക് അവരുടെ ഭവനത്തോടു ചേർന്ന തൊഴിൽശാലയുടെ നവീ കരണം നടത്തിവരുന്നു. സഹകരണ സംഘങ്ങളിൽ കോമൺവർക്ക്ഷെഡുകളുടേയും ഡൈയിംഗ് ഷെഡുകളുടേയും നവീകരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കി.

6)കേരള കൈത്തറി ഉൽപന്നങ്ങളെപ്പറ്റി ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ വൻതോതിൽ പ്രചരണം നടത്തുക വഴി ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് അനുകൂല സാഹചര്യമൊരുക്കി.

7)ഉൽപന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്ക് തറികളിൽ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായവും കൈത്തറി സംഘങ്ങൾക്ക് ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതിയിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

| | കൈത്തറി മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങൾ | സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം സംസ്ഥാനത്തിനകത്തും പുറത്തും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രചരണം | കൈത്തറി മേഖലയുടെ വിപണി മെച്ചപ്പെടുത്തുന്നതിനും കൈത്തറി വസ്ത്രങ്ങളുടെ വിപണനത്തിനുമായി ജില്ലകളിൽ പ്രധാന ഫെസ്റ്റിവൽ സീസൺ ആയ ഓണം, റംസാൻ, ക്രിസ്തുമസ്, വിഷു അവസരങ്ങളിൽ എക്സിബിഷൻ സംഘടിപ്പിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കോഴിക്കോട്, എറണാകുളം ജില്ലകളിൽ സ്റ്റേറ്റ് ഹാന്റ്ലൂം എക്സ്പോയും സംഘടിപ്പിച്ചു. കൈത്തറി വസ്ത്രം ധരിക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും അതുവഴി കൈത്തറി വസ്ത്രത്തിന്റെ വിപണനം വർദ്ധിപ്പിക്കുന്നതിനുമായി വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തി. ടി.വി.യിലൂടെയും പത്രങ്ങളിലൂടെയും റേഡിയോയിലൂടെയും കൈത്തറി വസ്ത്രങ്ങളെ സംബന്ധിച്ച് പ്രചാരണം നടത്തി. സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിലായി കൈത്തറി സംബന്ധിക്കുന്ന 90 ഫ്ളക്സ് ബോർഡുകൾ സ്ഥാപിച്ചു. |
| 2 | നിലവിലുള്ള റിബേറ്റ് പദ്ധതിയിൽ വരുത്തേണ്ട മാറ്റം സംബന്ധിച്ച്- റിബേറ്റിനു പകരം അസംസ്കൃത വസ്തുക്കൾക്ക് സബ്സിഡി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്ന രീതി സ്വീകരിക്കുന്നത്. | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| 3 | കൈത്തറി മേള-എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുമ്പോൾ പൊതു കൗണ്ടറിലൂടെ പണം സ്വീകരിച്ച് കൈത്തറി തുണികൾ ഉപഭോക്താക്കൾക്ക് കൈമാറ്റം ചെയ്യുന്ന രീതി സ്വീകരിക്കൽ. | തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി. |
| 4 | കൈത്തറി നെയ്ത്തുകാർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനായി മൂല്യവർദ്ധിത കൈത്തറി ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകത. | പദ്ധതി നടപ്പിലാക്കി. |
| 5 | കൈത്തറി നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുവാനും ഉൽപന്നങ്ങളും ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ഭാഗിക യന്ത്രവൽക്കരണ നടപടികൾ സ്വീകരിക്കുക. | ഭാഗിക യന്ത്രവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | |
|---|---|---|
| 6 | കൈത്തറി നെയ്ത്തു തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക | കൈത്തറി നെയ്ത്തു തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി മഹാത്മാ ഗാന്ധി ബുങ്കർ ബീമാ യോജന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി(എം.ജി.ബി.ബി.വൈ), കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് എന്നിവ നടപ്പിലാക്കി . |
| 7 | കൈത്തറി സഹകരണ സംഘങ്ങളുടെ എൻ.സി.ഡി.സി വായ്പയും സർക്കാർ വായ്പയും ഷെയർ ആക്കി മാറ്റുന്നതും അവർക്ക് കുറഞ്ഞ പലിശ നിരക്കിൽ പ്രവർത്തന മൂലധനം ലഭ്യമാക്കുകയും ചെയ്യുക. | 355 കൈത്തറി സഹകരണ സംഘങ്ങളുടെ എൻ.സി.ഡി.സി വായ്പ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജിൽ ഉൾപ്പെടുത്തി തിരിച്ചടച്ചിട്ടുണ്ട്. |
| 8 | വ്യാജ കൈത്തറി ഉൽപന്നങ്ങൾ തടയുന്നതിനു നടപടി എടുക്കുക | കൈത്തറി മാർക്ക് നിർബന്ധമാക്കി |
| 9 | കൈത്തറി തൊഴിലാളികളുടെ വിരമിക്കൽ പ്രായം ഉയർത്തുക | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല |
| 10 | പുതിയ തൊഴിലാളികളെ കൈത്തറി മേഖലയിലേക്കു ആകർഷിക്കാൻ നടപടി എടുക്കണം. | 700 പുതിയ ആൾക്കാർക്കു ട്രെയിനിംഗ് നൽകി നെയ്ത്തിനു പ്രാപ്തരാക്കി. |
| 11 | മിനിമം കൂലി വർദ്ധിപ്പിക്കാൻ നടപടി എടുക്കണം. | മിനിമം കൂലി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കാവുന്നതാണ്. |
| 12 | കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടി എടുക്കണം. | കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കൈത്തറി ഉപദേശക സമിതിയുടെ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**